പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 22.06.2012 ൽ |
| ചോദ്യം നമ്പർ.2874 | മറുപടിയ്ക്ക് |

# കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പി.എം.ജി.എസ്.വൈ റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. കെ. ലതിക | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

എ) കുന്നുമ്മൽ - തൂണേരി - തോടന്നൂർ ബ്ലോക്കുകളിൽ പ്പെട്ടതും കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതുമായ പി.എം.ജി.എസ്.വൈ.പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം റോഡുകളാണ് ഇനിയും പണി തീരാനുള്ളത് എന്ന് പറയാമോ;

എ) പി.എം.ജി.എസ്.വൈ പദ്ധതിയിൽ അംഗീകാരം ലഭിച്ചിട്ടും ഇനിയും പൂർത്തീകരിക്കാൻ കഴിയാത്ത കുന്നുമ്മൽ-തൂണേരി - ബ്ലോക്കുകളിലെ പ്രവർത്തികളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു. തോടന്നൂർ ബ്ലോക്കിൽ പ്രവർത്തികളൊന്നും പൂർത്തീകരിക്കാനില്ല.

| ക്ര നം | ഗ്രാമ പഞ്ചായത്ത് | പാക്കേജ് | ബ്ലോക്ക് | റോഡ് |
|---|---|---|---|---|
| 1 | പുറമേരി | 08-07 | തൂണേരി | നിട്ടൂർ മൈലാടം പൊയിൽ |
| 2 | വേളം | 08-15 | കുന്നുമ്മൽ | തട്ടാൻകുന്ന് മണിമല |
| 3 | കുന്നുമ്മൽ | 08-29 | കുന്നുമ്മൽ | കോറോത്ത്മുക്ക് - വണ്ണാത്തിപ്പൊയിൽ |
| 4 | വേളം | 08-29 | കുന്നുമ്മൽ | കോട്ടമണ്ണിൽ ചോയിമഠം |
| 5 | വേളം | 08-29 | കുന്നുമ്മൽ | ഗുളികപ്പുഴ |

ബി) ഓരോ റോഡുകളുടേയും നിലവിലുള്ള സ്ഥിതി എന്താണെന്ന് അറിയിക്കുമോ ;

ബി) ഓരോ റോഡുകളുടേയും നിലവിലുള്ള സ്ഥിതി ചുവടെ ചേർക്കുന്നു.

| ക്ര മ നം | റോഡ് | റിമാർക്സ് |
|---|---|---|
| 1 | നിട്ടൂർ മൈലാടംപൊയിൽ | ടി റോഡ് ഏറ്റെടുത്ത കരാറുകാരൻ സമയബന്ധിതമായി പണി പൂർത്തീകരിക്കാത്ത കാരണത്താൽ കരാറുകാരന്റെ |

| | | |
|---|---|---|
| | | നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്തിട്ടുണ്ട്. ഈ റോഡ് 31/5/2012 ലെ നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 2/7/2012 ആണ് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി. |
| 2 | തട്ടാൻകുന്ന് മണിമല | ടെണ്ടർ ചെയ്ത് കരാർ ഉറപ്പിച്ച ശേഷം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയില്ലാ എന്ന കാരണത്താൽ ഈ റോഡിന്റെ കരാർ സർക്കാർ ഉത്തരവ് പ്രകാരം റദ്ദാക്കിയിട്ടുണ്ട്. ഇപ്പോൾ ടി റോഡിന്റെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തികരിക്കുന്നതിനുള്ള ഉറപ്പ് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി റോഡുകളുടെ എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ റേറ്റ് പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 3 | കോറോത്ത്മുക്ക് - വണ്ണാത്തിപ്പൊയിൽ | ഈ റോഡുകൾ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ 31/5/2012 ലെ നോട്ടീസ് പ്രകാരം വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. 2/7/2012 ആണ് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി. |
| 4 | കോട്ടമണ്ണിൽ ചോയിമഠം | |
| 5 | ഗുളികപ്പുഴ കോവുപ്പുറം | ഈ റോഡിന് 2010 ഷെഡ്യൂൾ നിരക്കിൽ നിന്നും 59% അധിക തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

**സി) ഇനിയും ഫണ്ട് അനുവദിക്കാനും അനുമതി നൽകാനുമുള്ള കുറ്റ്യാടി മണ്ഡല പരിധിയിൽ വരുന്ന റോഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?**

സി) കുറ്റ്യാടി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്നതും പി.എം.ജി.എസ്.വൈ. പുതിയ ഫേസിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കുന്നതിനുമായി താഴെ പറയുന്ന 10 റോഡുകളുടെ പ്രൊപ്പോസലാണ് ജില്ലാ പഞ്ചായത്ത് അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ളത്.

1. വില്ല്യാപ്പള്ളി കടമേരി റോഡ് - വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്ത്
2. ചെമ്മരത്തൂർ തോടന്നൂർ നോർത്ത് റോഡ് - തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത്
3. കോട്ടപ്പള്ളി പൈങ്ങോട്ടായി പള്ളിമുക്ക് റോഡ് - തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത്
4. കാവിൽ മയ്യന്നൂർ സൗത്ത് റോഡ് - വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്ത്

5. പയൽ കീഴ്പള്ളി റോഡ് - മണിയൂർ ഗ്രാമ പഞ്ചായത്ത്

6. പുറമേരി തണ്ണീർപന്തൽ റോഡ് - പുറമേരി ഗ്രാമ പഞ്ചായത്ത്

7. കന്നിനട കണ്ണമ്പത്തുകര റോഡ് - തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

8. കന്നിനട വെള്ളൂക്കര റോഡ് - തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

9. മുതുവന എളമ്പിലാട് റോഡ് - മണിയൂർ ഗ്രാമ പഞ്ചായത്ത്

10. വെള്ളൂക്കര മാങ്ങാമൂഴി റോഡ് - തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

**സെക്ഷൻ ഓഫീസർ**